# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

<u>പട്ടികവർഗ്ഗ സമുദായങ്ങളുടെ അടിസ്ഥാന വിവരങ്ങൾ</u>

6670 ശ്രീ. ഐ. സി. ബാലകൃഷ്ണൻ
,, അൻവർ സാദത്ത്
,, വി. പി. സജീന്ദ്രൻ
,, ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ച ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ സമുദായങ്ങളുടെ അടിസ്ഥാന വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) വിവരങ്ങൾ ശേഖരിച്ചതിന്റെ ക്രോഡീകരിച്ച റിപ്പോർട്ട് പ്രകാശനം ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(സി) ഇത് കൊണ്ടുള്ള പ്രയോജനങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(ഡി) എന്തെല്ലാം വിവരങ്ങളാണ് പ്രസ്തുത റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

<u>പട്ടികവർഗ്ഗ സങ്കേതങ്ങളിൽ ബയോഗ്യാസ് പ്ലാന്റുകൾ</u>

6671 ശ്രീ. ഐ.സി. ബാലകൃഷ്ണൻ
,, വി.പി. സജീന്ദ്രൻ
,, വർക്കല കഹാർ
,, കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടിക വർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ സങ്കേതങ്ങളിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നതെന്നറിയിക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകാമോ ?

# കേരള നിയമസഭ
# 09.07.2014-ലെ മറുപടിക്ക്

<u>പട്ടികവർഗ്ഗ വികസന പ്രവർത്തനങ്ങൾക്ക് തദ്ദേശസ്വംഭരണ സ്ഥാപനങ്ങൾക്കുമുള്ള ഗ്രാന്റ് - ഇൻ - എയ്ഡ്</u>

6672 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
,, എം. ഉമ്മർ
,, പി. ബി. അബ്ദുൾ റസാക്
,, പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും**
**കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വികസന പ്രവർത്തനങ്ങൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുമുള്ള ഗ്രാന്റ് - ഇൻ - എയ്ഡ് നല്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡമെന്താണെന്ന് വ്യക്തമാക്കുമോ;

(ബി) പദ്ധതിത്തുക പട്ടികവർഗ്ഗ വികസന വകുപ്പിനും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുമായി വീതിക്കുന്നതിന് പ്രത്യേക മാനദണ്ഡമുണ്ടോ; എങ്കിൽ അതെന്താണെന്ന് വിശദമാക്കുമോ;

(സി) പദ്ധതിത്തുകയുടെയും, ഗ്രാന്റ് - ഇൻ - എയ്ഡിന്റെയും ഫലപ്രദമായ വിനിയോഗം നിരീക്ഷിക്കാൻ വകുപ്പിൽ എന്തൊക്കെ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്;

(ഡി) ഇക്കാര്യത്തിൽ കൈവരിക്കുന്ന ഭൗതികനേട്ടങ്ങൾ വിലയിരുത്താൻ സംവിധാനമുണ്ടാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 09.07.2014-ലെ മറുപടിക്ക്

<u>പ്ലസ്ടു വിദ്യാർത്ഥികളുടെ ഉപരിപഠനത്തിനുള്ള ആനുകൂല്യങ്ങൾ</u>

6673 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും
**മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പ്ലസ്ടുവിന് ശേഷമുള്ള ഉപരിപഠനത്തിന് എന്തെല്ലാം ആനുകൂല്യങ്ങൾ നൽകുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) 2013-14 വർഷത്തിൽ ഏതെല്ലാം ഉപരിപഠന കോഴ്സുകൾക്ക് ചേർന്ന വിദ്യാർത്ഥികൾക്കാണ് ഇത്തരത്തിൽ ആനുകൂല്യങ്ങൾ നൽകിയതെന്നും ഇതിനായി എത്ര തുക വിനിയോഗിച്ചെന്നും വിശദമാക്കുമോ?

# കേരള നിയമസഭ
# 09.07.2014-ലെ മറുപടിക്ക്

<u>പട്ടികവർഗ്ഗ സങ്കേതങ്ങളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള പദ്ധതി</u>

6674 ശ്രീ. വി. പി. സജീന്ദ്രൻ
,, ഐ. സി. ബാലകൃഷ്ണൻ
,, ജോസഫ് വാഴക്കൻ
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ സങ്കേതങ്ങളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഏതെല്ലാം ഏജൻസികളാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകാമോ?

**കേരള നിയമസഭ**
**09.07.2014-ലെ മറുപടിക്ക്**

<u>അന്ത്യോദയ അന്നയോജന പദ്ധതി</u>

6675 ശ്രീ. വി. പി. സജീന്ദ്രൻ
'' സി. പി. മുഹമ്മദ്
'' ഐ. സി. ബാലകൃഷ്ണൻ
'' കെ. അച്ചുതൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രാചീന ഗോത്ര വർഗ്ഗങ്ങളേയും ആദിവാസി കുടുംബങ്ങളേയും അന്ത്യോദയ അന്നയോജന പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) എന്തെല്ലാം നേട്ടങ്ങളാണ് മേൽപ്പറഞ്ഞ പദ്ധതിയിലൂടെ പ്രസ്തുത വിഭാഗക്കാർക്ക് ലഭിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ;

(സി) ഇതിനായി എന്തെല്ലാം കേന്ദ്ര സഹായമാണ് ലഭിക്കുന്നത്;

(ഡി) പ്രസ്തുത വിഭാഗക്കാർക്ക് പദ്ധതി പ്രയോജനപ്പെടുത്തുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

ഹരിതയൗവ്വനം പദ്ധതി

6676 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യത്തിന്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഹരിതയൗവ്വനം പദ്ധതി നിയോജകമണ്ഡലം തോറും നടപ്പാക്കുന്നതിന് എന്തെങ്കിലും പരിപാടികൾ തയ്യാറാക്കിയിട്ടുണ്ടോ?

**കേരള നിയമസഭ**
**09.07.2014-ലെ മറുപടിക്ക്**

<u>'അട്ടപ്പാടി മോഡൽ പദ്ധതി'</u>

6677 ശ്രീ. എം.വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും**
കാഴ്ചബംഗ്ലാവുകളും മൃഗശാലകളും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയനാട്ടിലെ ആദിവാസികളുടെ വികസനവും പുനരധിവാസവും ലക്ഷ്യമാക്കി തയ്യാറാക്കിയ 'അട്ടപ്പാടി മോഡൽ' പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നു വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്ക് കേന്ദ്രധനകാര്യ വകുപ്പിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

ഗോത്രസാരഥി പദ്ധതിയുടെ പ്രവർത്തനങ്ങളും നേരിടുന്ന വെല്ലുവിളികളും

6678 ശ്രീ. എം. വി. ശ്രേയാംസ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടിക വർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ സങ്കേതങ്ങളിൽ നടപ്പാക്കുന്ന ഗോത്രസാരഥി പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി നേരിടുന്ന പ്രധാന വെല്ലുവിളികൾ എന്തെല്ലാമെന്നു വ്യക്തമാക്കുമോ;

(സി) പദ്ധതി കാര്യക്ഷമമായി നടപ്പാക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തുമെന്ന് വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

ആദിവാസി ഭൂമിയിൽ കരിങ്കൽ ക്വാറികളുടെ പ്രവർത്തനാനുമതി

6679 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടിക വർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആദിവാസികൾക്കായി നൽകിയിട്ടുള്ള ഭൂമിയിൽ കരിങ്കൽ ക്വാറികൾ പ്രവർത്തിക്കുന്നത് സംബന്ധിച്ച് പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിന്റെ അടിസ്ഥാനത്തിൽ നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം അറിയിക്കുമോ ?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

<u>അട്ടപ്പാടിയിലെ ആദിവാസി കുട്ടികളെ അനാഥാലയങ്ങളിലേക്ക് കൊണ്ടു പോകുന്ന സംഭവം</u>

6680 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ച ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിലെ ആദിവാസി കോളനികളിൽ നിന്നും കുട്ടികളെ സംസ്ഥാനത്തെ വിവിധ അനാഥാലയങ്ങളിലേക്ക് കൊണ്ടു പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര കുട്ടികളെ ഇപ്രകാരം കൊണ്ടുപോയിട്ടുണ്ടെന്നാണ് കണ്ടെത്തിയിട്ടുള്ളത്; എവിടെയെല്ലാം കൊണ്ടുപോയിട്ടുണ്ടെന്നാണ് കണ്ടെത്തിയിട്ടുള്ളത്;

(സി) കുട്ടികളെകൊണ്ടു പോകുന്നത് ഐ. ടി. ഡി. പി. യുടെ ശ്രദ്ധയിൽപ്പെട്ടിരുന്നോ; പ്രസ്തുത വിവരം വകുപ്പിനെ അറിയിച്ചിട്ടുണ്ടോ; അതിന്മേൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) അട്ടപ്പാടിയിൽ കുട്ടികളുടെ പഠനത്തിന് എന്തെല്ലാം സൗകര്യങ്ങളാണ് ഉള്ളത്; വിശദാംശങ്ങൾ നൽകുമോ;

(ഇ) അട്ടപ്പാടിയിലെ ആദിവാസികളുടെ എണ്ണം സംബന്ധിച്ച് സർക്കാരിന്റെ കൈവശമുള്ള കണക്ക് ഏത് വർഷത്തെ സെൻസസിൽ ശേഖരിച്ചതാണ്; അതുപ്രകാരമുള്ള ജനസംഖ്യ എത്രയാണ്;

(എഫ്) ഏറ്റവും പുതിയ സെൻസസ് നടത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

<u>പോഷകാഹാരക്കുറവ് നേരിടുന്ന പട്ടികവർഗ്ഗക്കാരായ അമ്മയും കുഞ്ഞും</u>

6681 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോഷകാഹാരക്കുറവ് നേരിടുന്ന പട്ടികവർഗ്ഗക്കാരായ അമ്മമാരുടെയും കുഞ്ഞുങ്ങളുടെയും എണ്ണം കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(ബി) പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനായി 2013-14 വർഷത്തിൽ വകയിരുത്തിയിരുന്ന തുക എപ്രകാരം ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) പ്രതിമാസം ആയിരം രൂപ വീതമുള്ള ആനുകൂല്യം എത്ര അമ്മമാർക്കും കുഞ്ഞുങ്ങൾക്കും നൽകുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 09.07.2014-ലെ മറുപടിക്ക്

<u>പട്ടികവർഗ്ഗത്തിൽപ്പെട്ട അവിവാഹിതരായ അമ്മമാർ</u>

6682 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗത്തിൽപ്പെട്ട അവിവാഹിതരായ അമ്മമാരുടെ എണ്ണം വ്യക്തമാക്കുമോ ;

(ബി) ഇവർ ഏതെല്ലാം വിഭാഗത്തിൽ പെട്ടവരാണ് എന്ന വിവരം നൽകുമോ ;

(സി) ഇവർക്കായി പട്ടികവർഗ്ഗവകുപ്പു മുഖേന നടപ്പിലാക്കി വരുന്ന ക്ഷേമപദ്ധതികളുടെ വിശദവിവരങ്ങൾ നൽകുമോ ?

# കേരള നിയമസഭ
# 09.07.2014-ലെ മറുപടിക്ക്

പട്ടികവർഗ്ഗക്കാർക്കിടയിലുള്ള 'അരിവാൾരോഗം'

6683 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗക്കാർക്കിടയിലുള്ള 'അരിവാൾരോഗം'ബാധിച്ചവരുടെ എണ്ണം കണക്കാക്കിയിട്ടുണ്ടോ; ഏതെല്ലാം വിഭാഗങ്ങളിലാണ് ടി രോഗം വ്യാപകമായി കണ്ടുവരുന്നത്; വിശദവിവരം നൽകുമോ;

(ബി) രോഗം നിയന്ത്രണ വിധേയമാക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം നൽകുമോ;

(സി) പ്രസ്തുത രോഗത്തെക്കുറിച്ച് ബോധവൽക്കരിക്കുന്നതു ഉൾപ്പെടെയുള്ള പ്രത്യേക പാക്കേജ് നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) പ്രസ്തുത രോഗം സംബന്ധിച്ച വിശദ പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

# കേരള നിയമസഭ
# 09.07.2014-ലെ മറുപടിക്ക്

ഐ. ടി. ഡി. പി. ഓഫീസില്‍ ലഭ്യമായ ഭൂമിക്കുള്ള അപേക്ഷകള്‍

6684 ശ്രീ.കോടിയേരി ബാലകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ആദിവാസികള്‍ ഭൂമിക്കായി നല്‍കിയ എത്ര അപേക്ഷകള്‍ ഐ. ടി. ഡി. പി. ഓഫീസുകളില്‍ നിലവിലുണ്ടെന്ന് ഓഫീസ് തിരിച്ച് കണക്ക് വെളിപ്പെടുത്താമോ;

(ബി) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്ന് നാളിതുവരെ ഇത്തരം അപേക്ഷകളില്‍ എത്രയെണ്ണത്തില്‍ തീര്‍പ്പുകല്‍പ്പിച്ച് ഭൂമി നല്‍കിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) നിലമ്പൂര്‍ പെരുവമ്പാടം കോളനിയില്‍ നിന്നുള്ള അപേക്ഷകള്‍ ഭൂമാഫിയ ഏജന്റുമാര്‍ വഴി സ്വീകരിച്ച് ഭൂമി വിതരണം ചെയ്യുന്നുവെന്ന ആക്ഷേപം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കില്‍ ഇതിന്‍മേല്‍ എന്തെല്ലാം നടപടി സ്വീകരിച്ചെന്ന് വിശദമാക്കാമോ?

**കേരള നിയമസഭ**
**09.07.2014-ലെ മറുപടിക്ക്**

<u>ആദിവാസി പുനരധിവാസമിഷന്റെ പ്രവര്‍ത്തനങ്ങള്‍</u>

6685 ശ്രീ. ഐ.സി. ബാലകൃഷ്ണന്‍
,, വി.പി. സജീന്ദ്രന്‍
,, എ.പി. അബ്ദുള്ളക്കുട്ടി
,, ബെന്നി ബെഹനാന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികവര്‍ഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ആദിവാസി പുനരധിവാസ മിഷന്റെ പ്രവര്‍ത്തനങ്ങള്‍ കാര്യക്ഷമമാക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുമായി ഏതെല്ലാം ഏജന്‍സികളാണ് സഹകരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഇതിനായി എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങള്‍ നല്‍കുമോ?

# കേരള നിയമസഭ
# 09.07.2014-ലെ മറുപടിക്ക്

## ആദിവാസി ക്ഷേമത്തിന് അനുവദിക്കുന്ന ഫണ്ടുകളുടെ വകമാറ്റം

6686 ശ്രീ. കെ. രാധാകൃഷ്ണൻ
,, കെ.വി. വിജയദാസ്
,, എസ്. രാജേന്ദ്രൻ
,, പി.റ്റി.എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആദിവാസികൾക്ക് അനുവദിക്കുന്ന പദ്ധതി തുകകൾ ഭൂരിഭാഗവും മറ്റ് മേഖലയിലുള്ളവർ ചൂഷണം ചെയ്യുകയാണെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ബി) പോഷകാഹാര വിതരണത്തിലുള്ള വീഴ്ചയും ആരോഗ്യപരിപാലനത്തിന് വിവിധ വകുപ്പുകളുടെ ഏകോപനം കാര്യക്ഷമമാക്കുന്നതിന് സാധിക്കാത്തതും ശിശുമരണങ്ങൾക്കും മാരകരോഗങ്ങൾ പടരുന്നതിനും കാരണമാകുന്നതായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ആദിവാസികളുടെ ക്ഷേമത്തിനനുവദിക്കുന്ന ഫണ്ടുകൾ പ്രസ്തുത വിഭാഗത്തിന് തന്നെ ഉപയുക്തമാകുന്നു എന്നുറപ്പുവരുത്താൻ എന്തെങ്കിലും ക്രിയാത്മക നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

ഭവനരഹിതരായ പട്ടികവർഗ്ഗവിഭാഗക്കാർക്ക് വേണ്ടി വിവിധ പദ്ധതികളിൽ നിർമ്മിച്ചുവരുന്ന വീടുകൾ

6687 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭവനരഹിതരായ പട്ടികവർഗ്ഗ വിഭാഗക്കാർക്കുവേണ്ടി വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി നിർമ്മിച്ചുവരുന്ന വീടുകൾ എത്രയെണ്ണമുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ഇവയുടെ നിർമ്മാണം എപ്പോഴാണ് ആരംഭിച്ചത് ; പൂർത്തിയാക്കേണ്ടത് എപ്പോഴായിരുന്നു; നിർമ്മാണ ഏജൻസികൾ ആരെല്ലാം; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) മുൻകാലത്ത് ഏതെങ്കിലും പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം ആരംഭിക്കുകയും ഇനിയും പൂർത്തിയാകാത്തതുമായ വീടുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) പട്ടികവർഗ്ഗ വിഭാഗക്കാർക്കുവേണ്ടി വീട് നിർമ്മാണം പൂർത്തിയാക്കാതിരിക്കുകയോ, കാലതാമസം വരുത്തുകയോ ചെയ്യുന്നതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ ;

(ഇ) നിർമ്മാണത്തിലിരിക്കുന്ന വീടുകൾ എപ്പോൾ പൂർത്തിയാക്കാൻ കഴിയും; പൂർത്തീകരിച്ചു എന്ന് ഉറപ്പുവരുത്തുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം ; വിശദമാക്കാമോ ?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

<u>പട്ടികവർഗ്ഗവികസന വകുപ്പിനു കീഴിൽ സ്കൂളുകളുടെ വിജയശതമാനം</u>

6688 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗവികസന വകുപ്പിനു കീഴിൽ എത്ര റസിഡൻഷ്യൽ ഹൈസ്കൂളുകളും, ഹയർസെക്കന്ററി സ്കൂളുകളും പ്രവർത്തിക്കുന്നുണ്ട്;

(ബി) ഹൈസ്കൂൾ, ഹയർസെക്കന്ററി തലത്തിൽ 2013-2014 അധ്യയന വർഷത്തെ വിജയശതമാനം എത്രയായിരുന്നു; വിശദാംശം വ്യക്തമാക്കാമോ;

(സി) പ്രാക്തന ഗോത്രവിഭാഗക്കാരുടെ കുട്ടികൾക്കായുള്ള സ്കൂളുകളിലെ വിജയ ശതമാനം എത്രയായിരുന്നു; വിശദാംശം വ്യക്തമാക്കാമോ;

(ഡി) റസിഡൻഷ്യൽ സ്കൂളുകളിലെ വിജയം മികവുറ്റതാക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

<u>പട്ടികവർഗ്ഗവികസന വകുപ്പിന് കീഴിലുള്ള ഹോസ്റ്റലുകൾ</u>

6689 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ച ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ എത്ര ഹോസ്റ്റലുകൾ ഉണ്ട്; ഇവിടെ എത്ര വാർഡൻമാരും പാചകക്കാരും ഉണ്ട്;

(ബി) പ്രസ്തുത തസ്തികകളിലേക്ക് ഇപ്പോൾ എത്ര ഒഴിവുകളാണുള്ളത്; പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ;

(സി) ഒഴിവുള്ള തസ്തികകളിലേക്ക് നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ
നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ

6690 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യത്തിന്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും**
കാഴ്ചബംഗ്ലാവുകളും മൃഗശാലകളും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികരാത്തിൽ വന്നതിന്ശേഷം പട്ടിക വർഗ്ഗക്ഷേമ വകുപ്പിന്റെ നേതൃത്വത്തിൽ കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയതും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതുമായ പദ്ധതികൾ ഏതെല്ലാമാണെന്ന് പഞ്ചായത്ത്, പദ്ധതി, തുക എന്നിവ തിരിച്ച് വിശദമാക്കാമോ?

# കേരള നിയമസഭ
# 09.07.2014-ലെ മറുപടിക്ക്

ട്രൈബല്‍ എക്സ്റ്റന്‍ഷന്‍ ഓഫീസര്‍മാര്‍

6691 ശ്രീ. ഇ. ചന്ദ്രശേഖരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും
**മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് പട്ടിക വര്‍ഗ്ഗ ജനസംഖ്യ എത്രയെന്ന് ജില്ല തിരിച്ച് കണക്കുകള്‍ ലഭ്യമാക്കാമോ;

(ബി) സംസ്ഥാനത്ത് നിലവിലുള്ള ട്രൈബല്‍ എക്സ്റ്റന്‍ഷന്‍ ഓഫീസര്‍മാരുടെ എണ്ണം എത്രയെന്ന് ജില്ല തിരിച്ച കണക്കുകള്‍ വ്യക്തമാക്കാമോ;

(സി) 2003 ജനുവരിക്ക് ശേഷം ഏതൊക്കെ വിഭാഗത്തെയാണ് പട്ടിക വര്‍ഗ്ഗ ലിസ്റ്റില്‍പ്പെടുത്തിയത് എന്ന് വ്യക്തമാക്കാമോ;

(ഡി) പുതിയതായി ഉള്‍പ്പെടുത്തിയ വിഭാഗത്തിന്റെ എണ്ണത്തിനനുസരിച്ച് ട്രൈബല്‍ എക്സ്റ്റന്‍ഷന്‍ ഓഫീസര്‍, പ്രമോട്ടര്‍ എന്നിവരുടെ എണ്ണം വര്‍ദ്ധിപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കില്‍ പുതിയ തസ്തികകള്‍ സൃഷ്ടിച്ച് ടി.ഇ.ഒ. മാരേയും പ്രമോട്ടര്‍മാരേയും നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

<u>കാസർകോഡ് ജില്ലയിലെ പട്ടികവർഗ്ഗ കുടുംബങ്ങളും അടിസ്ഥാന സൗകര്യങ്ങളും</u>

6692 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർകോഡ് ജില്ലയിൽ പട്ടിക വർഗ്ഗ വിഭാഗങ്ങളിൽ എത്ര കുടുംബങ്ങൾ ഉണ്ട്; ഈ വിഭാഗങ്ങളിൽ എത്ര കോളനികൾ നിലവിലുണ്ട്; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കോളനികളിൽ എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഈ സർക്കാർ വന്നതിനു ശേഷം ഏർപ്പെടുത്തിയിട്ടുളളതെന്ന് വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**09.07.2014-ലെ മറുപടിക്ക്**

വിവിധ പദ്ധതികൾക്കായി പി. ഡബ്ല്യു. ഡി.യ്ക്ക് കൈമാറിയ തുക

6693 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പട്ടികവർഗ്ഗ വികസന വകുപ്പ് വിവിധ പദ്ധതികളിലായി എത്ര കോടി രൂപ പി. ഡബ്ല്യൂ.ഡി. യ്ക്ക് കൈമാറിയിട്ടുണ്ട്; വിശദവിവരം നൽകുമോ;

(ബി) ഓരോ പദ്ധതിയിനത്തിലും പി. ഡബ്ല്യൂ. ഡി.യ്ക്ക് നൽകിയ തുകയുടെ ചെലവു വിവരങ്ങളുടെ വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

പി. ഡബ്ല്യു. ഡി.യ്ക്കു നൽകിയ തുകയുടെ ഓഡിറ്റ്

6694 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പട്ടികവർഗ്ഗ വികസന വകുപ്പ് വിവിധ നിർമ്മാണ പ്രവർത്തനങ്ങൾക്കായി പി. ഡബ്ല്യു. ഡി.യ്ക്ക് നൽകിയ തുകയുടെ ഓഡിറ്റ് പൂർത്തിയാക്കിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് നൽകുമോ;

(ബി) അപ്രകാരം ഓഡിറ്റ് നടത്തിയിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഓഡിറ്റ് നടത്തിയിട്ടില്ലെങ്കിൽ ഇപ്രകാരം പി. ഡബ്ല്യു.ഡി. നൽകുന്ന തുകയുടെ എന്തു തരത്തിലുള്ള മോണിറ്ററിംഗ് സംവിധാനമാണ് വകുപ്പ് നടത്തിപ്പോരുന്നത്; വിശദവിവരം നൽകുമോ?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

കണ്ണൂർ, ചെറുപുഴ പഞ്ചായത്തിൽ പുതിയ ട്രൈബൽ ഓഫീസ്

6695 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ച ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ പുതിയതായി ട്രൈബൽ ഓഫീസുകൾ തുടങ്ങാനുള്ള നിർദ്ദേശം പരിഗണനയിൽ ഉണ്ടോ; വിശദമാക്കാമോ;

(ബി) പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ടവർ കൂടുതലായി താമസിക്കുന്ന ചെറുപുഴ പഞ്ചായത്ത് കേന്ദ്രീകരിച്ച് ട്രൈബൽ ഓഫീസ് തുടങ്ങാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

പട്ടികവര്‍ഗ്ഗ ഹോസ്റ്റലുകളിലെ ദിവസവേതനം വര്‍ദ്ധിപ്പിക്കാന്‍ നടപടി

6696 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പട്ടികവര്‍ഗ്ഗ വകുപ്പിനുകീഴിലുള്ള ഹോസ്റ്റലുകളില്‍ ദിവസവേതനാടിസ്ഥാനത്തില്‍ സേവനം ചെയ്തുവരുന്നവരുടെ പരിമിതമായ ദിവസ വേതനം കാലാനുസൃതമായി പരിഷ്കരിച്ചു നല്‍കുവാന്‍ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇതിനായി അടിയന്തര നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**09.07.2014-ലെ മറുപടിക്ക്**

<u>യുവജനങ്ങളുടെ ക്ഷേമത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ</u>

6697 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യുവജനങ്ങളുടെ ക്ഷേമത്തിനായി ഈ സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(ബി) കലാ-കായിക മേഖലകളിൽ പ്രതിഭ തെളിയിക്കുന്ന യുവതീ-യുവാക്കൾക്ക് സർക്കാർ തലത്തിൽ ജോലി ലഭ്യമാക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശങ്ങൾ നൽകുമോ ?

# കേരള നിയമസഭ
# 09.07.2014-ലെ മറുപടിക്ക്

<u>യുവജനക്ഷേമബോർഡിന്റെ നേതൃത്വത്തിൽ അക്ഷരയുവത്വം സാഹിത്യ ക്യാമ്പ്</u>

6698 ശ്രീ. പി. സി. വിഷ്ണുനാഥ്
'' വി. റ്റി. ബൽറാം
'' ഹൈബി ഈഡൻ
'' ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ അക്ഷരയുവത്വം സാഹിത്യ ക്യാമ്പ് പരിപാടി സംഘടിപ്പിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഇത് സംബന്ധിച്ച് എന്തെല്ലാം പരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി; വിശദമാക്കുമോ;

(ഡി) ആരെല്ലാമാണ് പ്രസ്തുത പരിപാടികളുമായി സഹകരിച്ചത്; വിശദാംശങ്ങൾ നൽകാമോ?

# കേരള നിയമസഭ
# 09.07.2014-ലെ മറുപടിക്ക്

<u>യുവജന ക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ വനിതാ ശിൽപശാല</u>

6699 ശ്രീ. ഷാഫി പറമ്പിൽ
,, പി. സി. വിഷ്ണുനാഥ്
,, വി. റ്റി. ബൽറാം
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ വനിതാ ശിൽപശാല പരിപാടി സംഘടിപ്പിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഇത് സംബന്ധിച്ച് എന്തെല്ലാം പരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി; വിശദമാക്കുമോ;

(ഡി) ആരെല്ലാമാണ് പ്രസ്തുത പരിപാടികളുമായി സഹകരിച്ചത്; വിശദാംശങ്ങൾ നൽകാമോ?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

<u>യുവജനക്ഷേമ ബോർഡിന്റെ ചലച്ചിത്ര വർഷം പരിപാടി</u>

6700 ശ്രീ. ഹൈബി ഈഡൻ
,, ഷാഫി പറമ്പിൽ
,, വി. റ്റി. ബൽറാം
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ ചലച്ചിത്ര വർഷം പരിപാടി സംഘടിപ്പിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഇത് സംബന്ധിച്ച് എന്തെല്ലാം പരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി; വിശദമാക്കുമോ;

(ഡി) ആരെല്ലാമാണ് പ്രസ്തുത പരിപാടികളുമായി സഹകരിച്ചത്; വിശദാംശങ്ങൾ നൽകാമോ?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

വിഷൻ 2030

6701 ശ്രീ. വി. റ്റി. ബൽറാം
,, ഹൈബി ഈഡൻ
,, ഷാഫി പറമ്പിൽ
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും
**മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ വിഷൻ 2030-നെ കുറിച്ച് ചർച്ചാപരിപാടി സംഘടിപ്പിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഇത് സംബന്ധിച്ച് എന്തെല്ലാം പരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി; വിശദമാക്കുമോ;

(ഡി) ആരെല്ലാമാണ് പ്രസ്തുത പരിപാടികളുമായി സഹകരിച്ചത്; വിശദാംശങ്ങൾ നൽകാമോ?

# കേരള നിയമസഭ
# 09.07.2014-ലെ മറുപടിക്ക്

<u>യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ കാർഷിക സാക്ഷരതാ പരിപാടി</u>

6702 ശ്രീ. പി. സി. വിഷ്ണുനാഥ്
,, ഷാഫി പറമ്പിൽ
,, ഹൈബി ഈഡൻ
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ കാർഷിക സാക്ഷരതാ പരിപാടിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) ഇത് സംബന്ധിച്ച് എന്തെല്ലാം പരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി ; വിശദമാക്കുമോ ;

(ഡി) ആരെല്ലാമാണ് പ്രസ്തുത പരിപാടികളുമായി സഹകരിച്ചത് ; വിശദാംശങ്ങൾ നൽകാമോ ?

## കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

<u>യുവജനക്ഷേമ ബോർഡുവഴിയുള്ള പദ്ധതികൾ</u>

6703 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ച ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യുവജനങ്ങൾക്കായി ഈ സർക്കാർ നടപ്പിലാക്കിയതും, നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികൾ വിശദമാക്കുമോ;

(ബി) കഴിഞ്ഞ സർക്കാർ നടപ്പിലാക്കിയിരുന്ന യൂത്ത് കോ-ഓർഡിനേറ്റർ തസ്തിക ഇപ്പോൾ നിലവിലുണ്ടോ;

(സി) ഉണ്ടെങ്കിൽ പ്രസ്തുത തസ്തികയിൽ ഇരിക്കുന്നവർക്ക് എന്തു ഓണറേറിയമാണ് നൽകുന്നത്;

(ഡി) യുവജനക്ഷേമ ബോർഡുവഴി യുവജനങ്ങൾക്കായി എന്തെല്ലാം കാര്യങ്ങളാണ് നടപ്പാക്കുന്നത്;

(ഇ) പ്രസ്തുത ബോർഡുവഴി ചെറുകിട സംരംഭകരായ യുവാക്കൾക്ക് പലിശ കുറഞ്ഞ ലോൺ അനുവദിക്കുന്നുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 09.07.2014-ലെ മറുപടിക്ക്

<u>കാഴ്ചബംഗ്ലാവുകളുടെയും മൃഗശാലകളുടെയും നവീകരണം</u>

6704 ശ്രീ. മോൻസ് ജോസഫ്
,, തോമസ് ഉണ്ണിയാടൻ
,, റ്റി. യു. കുരുവിള
,, സി. എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാഴ്ചബംഗ്ലാവുകളുടെയും മൃഗശാലകളുടെയും സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) മൃഗശാലകളിൽ മൃഗങ്ങൾക്ക് നല്ല പരിചരണവും സന്ദർശകർക്കു മെച്ചപ്പെട്ട സൗകര്യങ്ങളും നൽകുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) സന്ദർശകരുടെ തിരക്ക് പരിഗണിച്ച് കൂടുതൽ സൗകര്യങ്ങൾ ഒരുക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 09.07.2014-ലെ മറുപടിക്ക്

മൃഗശാലകളിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത

6705 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
'' വി. ശിവൻകുട്ടി
'' ബി. സത്യൻ
'' കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൃഗശാലകളിലെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിലെ അപര്യാപ്തതമൂലം മൃഗങ്ങളെ പരിപാലിക്കുന്നതിന് സാധിക്കാതെ വരുന്നു എന്നും ഗുരുതരമായ രോഗങ്ങൾ വന്ന് മൃഗങ്ങൾ ചാകുന്നതിന് കാരണമാകുന്നു എന്നുമുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നിരവധിപേർ സന്ദർശകരായി എത്തുന്ന മൃഗശാലകളിൽ കുടിവെള്ളം പോലുള്ള അടിസ്ഥാന സൗകര്യം ലഭ്യമല്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) വിദേശത്തുനിന്നും എത്തിക്കുന്ന മൃഗങ്ങൾക്ക് യഥാസമയം ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കാത്തതും ആവശ്യമായ തരത്തിലുള്ള കൂടുകളും മറ്റും സ്ഥാപിക്കാത്തതുംമൂലം പലപ്പോഴും മൃഗങ്ങളെ പ്രദർശിപ്പിക്കാൻ സാധിക്കാതെ വരുന്നതായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) വർഷങ്ങൾ പഴക്കമുള്ള കൂടുകൾ തുരുമ്പെടുത്ത നിലയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അടിസ്ഥാന സൗകര്യങ്ങളിലെ അപര്യാപ്തതമൂലം പരിചരണം നൽകാൻ സാധിക്കാതെ രോഗാവസ്ഥയിലാകുന്ന പക്ഷിമൃഗാദികൾക്ക് സംരക്ഷണം നൽകാൻ സാധിക്കാതെ ജീവനക്കാർ ആശങ്കയിലാണെന്ന വാർത്തകൾ വിലയിരുത്തിയിട്ടുണ്ടോ ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ,
തിരുവനന്തപുരം, സെക്രട്ടറി.
2014 ജൂൺ 30.

പ്രത്യേക ശ്രദ്ധയ്ക്ക്: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവസഭയിൽ ഉന്നയിക്കുന്നതിന്റെ തലേ ദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കേണ്ടതാണ്. [ചട്ടം 47(1)]

'T' ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.